LIBRARY ARCHIVES Kerala Legislative Assembly

സിയാൽ അക്കാദമിയുടെ ആസ്ഥാനം

28 (*478) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ബാബു :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിയാൽ (CIAL) അക്കാദമിക്ക് സ്വന്തമായി ആസ്ഥാനം പണിയുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കിയിട്ടുണ്ടോ ;

(ബി) ഇതിനായി എത്ര സ്ഥലമാണ് ഇതുവരെ അക്കാദമിക്ക് നൽകിയത് ;

(സി) സിയാൽ അക്കാദമിയുടെ കീഴിൽ പ്രവർത്തിക്കുന്ന എയർക്രാഫ്റ്റ് മെയ്ന്റനൻസ് എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ എന്തൊക്കെ കോഴ്സുകൾ പഠിപ്പിക്കാനാണ് സൗകര്യമൊരുക്കുന്നത് ;

(ഡി) ഇവിടത്തെ പുതിയ കോഴ്സുകൾ എന്നത്തേക്ക് ആരംഭിക്കുമെന്നും ആദ്യവർഷം എത്ര വിദ്യാർത്ഥികൾക്ക് ഈ കോഴ്സുകളിൽ പ്രവേശനം നൽകാൻ കഴിയും എന്നും വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ & ബി) സിയാൽ അക്കാദമിക്കായി അത്താണിയിൽ KAMCO-യ്ക്ക് സമീപം അഞ്ച് ഏക്കർ ഭൂമി കേരള സർക്കാർ അനുവദിച്ചിട്ടുണ്ട്.

(സി) തുടക്കത്തിൽ സിയാൽ എയർക്രാഫ്റ്റ് മെയിന്റനൻസ് എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഏവിയോണിക് സ്ട്രീമിലെ കോഴ്സാണ് നടത്തുവാനുദ്ദേശിക്കുന്നത്.

(ഡി) ഏവിയോണിക് സ്ട്രീമിലെ കോഴ്സ് ആരംഭിക്കുന്നതിന് സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറലിന്റെ അംഗീകാരം ലഭിക്കണം. ഈ അംഗീകാരം ഇക്കൊല്ലംതന്നെ നേടാൻ സാധിക്കുമെന്നും, ഇൻസ്റ്റിറ്റ്യൂട്ടിൽ ഇക്കൊല്ലം തന്നെ ഏവിയോണിക് സ്ട്രീം തുടങ്ങുവാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു. ഒരു ബാച്ചിൽ 60 വിദ്യാർത്ഥികളെയാണ് ഉൾപ്പെടുത്തുന്നത്.

ദേശീയ ജലപാത വികസനം

29 (*479) ശ്രീ. എം. മുരളി :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ജലപാതാ വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് കേന്ദ്ര സഹായത്തോടെ ഏതൊക്കെ ബോട്ട് ടെർമിനലുകൾ നിർമ്മിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത് ;

(ബി) ഈ പദ്ധതിയിൻ കീഴിൽ ഏതൊക്കെ നദിയോര സ്ഥലങ്ങൾ ഏറ്റെടുത്തു ;

(സി) ഇത്തരത്തിൽ ഏറ്റെടുത്ത സ്ഥലങ്ങളിൽ ഇതുവരെ എന്തൊക്കെ പ്രവൃത്തികൾ നടത്തിയിട്ടുണ്ട് എന്ന് വിശദീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) ഈ പദ്ധതി ദേശീയ ജലപാത അതോറിറ്റി നേരിട്ടാണ് നടത്തുന്നത്. ദേശിയ ജലപാത വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ആകെ 11 ടെർമിനലുകൾ നർമ്മിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്.

(1) കാക്കനാട് (2) കോട്ടപ്പുറം (3) ആലുവ (4) മരട് (5) വൈക്കം (6) തണ്ണീർമുക്കം (7) ആലപ്പുഴ (8) തൃക്കുന്നപ്പുഴ (9) ആയിരംതെങ്ങ് (10) ചവറ (11) കൊല്ലം. ഇതിൽ താഴെപറയുന്ന 7 എണ്ണം നിർമ്മാണം പൂർത്തിയായതായി IWAI അറിയിച്ചിട്ടുണ്ട്.

(i) കോട്ടപ്പുറം

(ii) ആലുവ-ഇടയാർ

(iii) മരട്

(iv) വൈക്കം

(v) തണ്ണീർമുക്കം

(vi) തൃക്കുന്നപ്പുഴ

(vii) ആയിരംതെങ്ങ് (കായംകുളം)

(ബി & സി) വിവരം ശേഖരിച്ചു വരുന്നു.

ലോട്ടറിവകുപ്പിൽ നടപ്പാക്കിയ ഭരണ പരിഷ്കാര നടപടികൾ

30 (*480) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോട്ടറി വകുപ്പിൽ ഈ സർക്കാർ വന്നശേഷം നടപ്പാക്കിയ ഭരണ പരിഷ്ക്കാര നടപടികൾ വിശദമാക്കുമോ ;

(ബി) വകുപ്പിന്റെ ഘടനയിലും നടത്തിപ്പിലും എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് ;

(സി) ഇതിന്റെ ഫലമായി ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly